ഉത്തരം

(എ) 13 പേരെ വോളന്റിയേഴ്സായി നിയമിച്ചിട്ടുണ്ട്. സേവന സന്നദ്ധരായ എഴുത്തും വായനയും അറിയാവുന്നവരെയാണ് ടൂറിസം അസിസ്റ്റന്റ് കാഷ്യർ എന്നീ തസ്തികകളിൽ നിയമിച്ചിരിക്കുന്നത്.

(ബി) ഇല്ല. എന്നാൽ മൂന്നാർ ഹൈഡൽ പാർക്കിന്റെ പാർക്കിംഗ് സ്ഥലത്ത് എൻ.എച്ച്.49 നോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ കരാർ അടിസ്ഥാനത്തിൽ ക്യാന്റീൻ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(സി) കേരള ഹൈഡൽ ടൂറിസം ഡയറക്ടർ, ഗവേണിംഗ് ബോഡി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായിട്ട് ഡയറക്ടർക്ക് കരാറിൽ ഏർപ്പെടുവാൻ അധികാരമുണ്ട്. ഹൈഡൽ പാർക്കിൽ ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) ഡി.ഡി.സി. യിൽ സാധാരണയായി ഹൈഡൽ ടൂറിസം ഡയറക്ടർ പങ്കെടുക്കാറില്ല എന്ന് അറിയിച്ചത് സർക്കാരിന്റെയോ, ബോർഡിന്റെയോ അനുവാദത്തോടെയല്ല.

(ഇ) തെരഞ്ഞെടുപ്പ് കാലത്ത് വിജ്ഞാപനം നിലനിൽക്കെ പുതിയ നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

പവർകട്ടും ലോഡ് ഷെഡിംഗും

12 (3669) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജൂൺ മാസം ഒന്നു മുതൽ 2011 മാർച്ച് മാസം 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പവർകട്ട് ഉണ്ടായിരുന്നോ ; ഉണ്ടായിരുന്നെങ്കിൽ എത്ര ദിവസം ;

(ബി) 2011 ജൂൺ മാസം ഒന്നു മുതൽ 2014 മാർച്ച് മാസം 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര ദിവസം പവർകട്ട് ഉണ്ടായിരുന്നു ; അതിലൂടെ എത്ര വൈദ്യുതി മിച്ചംപിടിക്കാൻ കഴിഞ്ഞു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ലോഡ് ഷെഡിംഗ് ഏർപ്പെടുത്താതിരിക്കാനായി ഈ സർക്കാർ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ടി കാലയളവിൽ സംസ്ഥാനത്ത് പവർകട്ട് ഉണ്ടായിരുന്നില്ല. എന്നാൽ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2008 ജൂലൈ 15 മുതൽ 2008 ഒക്ടോബർ 14 വരെ സംസ്ഥാനത്തെ എല്ലാ എച്ച്.റ്റി.& ഇ.എച്ച്.റ്റി. ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ 25% നിയന്ത്രണവും,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 3

2008 ഒക്ടോബർ 15 മുതൽ 2009 ഏപ്രിൽ 30 വരെ 20% നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നു. കൂടാതെ, 2008 ഒക്ടോബർ 15 മുതൽ 2009 ഏപ്രിൽ 30 വരെ എല്ലാ എൽ.റ്റി. ഉപഭോക്താക്കൾക്കും ഗാർഹിക ഉപഭോക്താക്കളൊഴികെ, 20% നിയന്ത്രണവും ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം പ്രതിമാസം 200 യൂണിറ്റായും നിജപ്പെടുത്തുകയും ഉണ്ടായി. ടി കാലയളവിൽ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതലായി വാങ്ങുന്ന വൈദ്യുതിയുടെ യഥാർത്ഥ വില ഈടാക്കുകയും ചെയ്തിരുന്നു. കൂടാതെ 2010 ഏപ്രിൽ-മേയ് മാസങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് എൽ.റ്റി, എച്ച്.റ്റി.& ഇ.എച്ച്.റ്റി. (ഗാർഹികം ഒഴികെ) ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ 10% നിയന്ത്രണം ഏർപ്പെടുത്തുകയും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് ശരാശരി യൂണിറ്റിന് 7.25 രൂപ ഈടാക്കുകയും ചെയ്തിരുന്നു. കൂടാതെ ടി കാലയളവിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം പ്രതിമാസം 300 യൂണിറ്റായി നിജപ്പെടുത്തുകയും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് 7.25 രൂപ ഈടാക്കുകയും ചെയ്തിരുന്നു. ടി കാലയളവിൽ 27-6-2008 മുതൽ 12-6-2009 വരെ (എസ്.എസ്.എൽ.സി. കാലയളവ് ഒഴികെ) അര മണിക്കൂർ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

(ബി) ടി കാലയളവിൽ സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ എച്ച്.റ്റി., ഇ.എച്ച്.റ്റി & എൽ.റ്റി. ഉപഭോക്താക്കൾക്ക് 10% വരെ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 10 രൂപ നിരക്കിലും ഗാർഹിക ഉപഭോക്താക്കളുടെ ഉപയോഗം പ്രതിമാസം 300 യൂണിറ്റായി നിജപ്പെടുത്തുകയും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 10 രൂപ നിരക്കിലും ഈടാക്കുവാൻ കമ്മീഷൻ അനുമതി നൽകിയിരുന്നു. ഇതു കൂടാതെ 2012 ഡിസംബർ 15 മുതൽ 2013 മേയ് 31 വരെ സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഉള്ള എച്ച്.റ്റി. ഉപഭോക്താക്കൾക്ക് 20% വൈദ്യുതി നിയന്ത്രണവും ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത എച്ച്.റ്റി., & ഇ.എച്ച്.റ്റി. ഉപഭോക്താക്കൾക്ക് 25%-വും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തി. കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലുള്ള എനർജി ചാർജിനു പുറമേ, എനർജി ചാർജ് കൂടി പെനാൽറ്റിയായി ഈടാക്കി. എല്ലാ എൽ.റ്റി. ഉപഭോക്താക്കൾക്കും (ഗാർഹികം ഒഴികെ) 20% വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും അധികമായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് എനർജി ചാർജ് കൂടി കൂടുതൽ ഈടാക്കി. കൂടാതെ ഗാർഹിക ഉപഭോക്താക്കളുടെ ഉപയോഗം 300 യൂണിറ്റായി നിജപ്പെടുത്തുകയും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് അതാത് സ്ലാബിലെ എനർജി ചാർജ് കൂടി കൂടുതൽ ഈടാക്കുവാൻ അനുവദിക്കുകയും ചെയ്തിരുന്നു. 2012 ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി നിയന്ത്രണത്തിലൂടെ 89 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 2012 ഡിസംബർ 15 മുതൽ 2013 മേയ് 31 വരെ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ 596.76 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ലാഭിക്കുവാൻ കഴിഞ്ഞു. സംസ്ഥാനത്ത് 27-9-2012 മുതൽ 15-5-2013 വരെ എസ്.എസ്.എൽ.സി. കാലയളവ് ഒഴികെ ടി കാലയളവിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതിയുടെ കുറവ് ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

1. 150 മെഗാവാട്ട് വൈദ്യുതി റ്റാറ്റാ മൈത്തൻ എന്ന കമ്പനിയിൽ നിന്നും 25 വർഷത്തേയ്ക്ക് വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി 25 കൊല്ലത്തേയ്ക്ക് വാങ്ങുന്നതിന് ഡി.വി.സി. എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. യഥാക്രമം 450 മെഗാവാട്ട്, 400 മെഗാവാട്ട് വൈദ്യുതി മൽസരാധിഷ്ഠിത ടെൻഡർ വഴി ദീർഘകാലാടിസ്ഥാനത്തിൽ 25 കൊല്ലത്തേയ്ക്ക് വാങ്ങുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

   ഇതു കൂടാതെ ചെറുതും വലുതുമായ 500 മെഗാവാട്ട് ജല വൈദ്യുത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ സൗരോർജ്ജ പദ്ധതികളിൽ നിന്നും സ്വന്തമായി വൈദ്യുതി ഉപഭോക്താക്കൾ തന്നെ വൈദ്യുതി ഉല്പാദിപ്പിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റും സംസ്ഥാന റെഗുലേറ്ററി കമ്മീഷനും ബോർഡും നയപരിപാടികൾ എടുത്തിട്ടുണ്ട്.

4. 400 മെഗാവാട്ട് വൈദ്യുതി മൽസരാധിഷ്ഠിത ടെൻഡർ വഴി 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ വാങ്ങുന്നതിന് എൻ.വി.വി.എൻ., പി.റ്റി.സി. തുടങ്ങിയ വൈദ്യുതി വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ടി വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമായിട്ടില്ല.

5. 650 മെഗാവാട്ട് വൈദ്യുതി മറ്റ് മേഖലകളിൽ നിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടെങ്കിലും ടി വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമായിട്ടില്ല. കൂടാതെ ദക്ഷിണേന്ത്യയിൽ നിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും 330 മെഗാവാട്ട് 2014 ജൂൺ മുതൽ 2015 മേയ് വരെ വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ ശരാശരി 200 മെഗാവാട്ടോളം വൈദ്യുതി മാത്രമേ കൊണ്ടുവരുന്നതിന് നിലവിൽ പ്രസരണ ഇടനാഴി ലഭ്യമായിട്ടുള്ളൂ.

6. ഇതു കൂടാതെ 175 മെഗാവാട്ട് വൈദ്യുതി 2015 ഫെബ്രുവരി മുതൽ 2015 മേയ് മാസം വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ഊർജ്ജ സംരക്ഷണം വഴി അനാവശ്യത്തിനും, അഡംബരത്തിനും ഉപയോഗിക്കുന്ന വൈദ്യുതി കുറയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് അവബോധം നൽകുന്നതു വഴിയും വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly